**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2260** **20-01-2021 - ൽ മറുപടിയ്ക്ക്**

**വിഴഞ്ഞം രാജ്യാന്തര തുറമുഖം - പുലിമുട്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെൻറ് | | Shri .Ramachandran Kadannappalli<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി) | |
| (എ) | വിഴഞ്ഞം രാജ്യാന്തര തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായുള്ള പുലിമുട്ട് നിർമ്മാണം ഏത് ഘട്ടത്തിലാണ്; എത്ര കി.മീ. ദൂരത്തിലാണ് പുലിമുട്ട് നിർമ്മിക്കേണ്ടത്; അതിൽ എത്ര കിലോമീറ്റർ പൂർത്തിയായി; വിശദമാക്കുമോ; | (എ) | 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ 676 മീറ്റർ ഭാഗികമായി പൂർത്തിയായിട്ടുണ്ട്. |
| (ബി) | പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ കരിങ്കല്ല് ലഭിക്കുന്നതിന് ഉണ്ടായിരുന്ന തടസ്സം നീങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കരാർ പ്രകാരം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ കൊണ്ടുവരാനുള്ള ഉത്തരവാദിത്തം കരാർ കമ്പനിക്കാണ്. കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലായി സ്വന്തമായും സ്വകാര്യ പങ്കാളികളുമായി ചേർന്നും പുതിയ ക്വാറികൾ ആരംഭിക്കുന്നതിന് കരാർ കമ്പനി നടപടി സ്വീകരിച്ചുവരുന്നു. നാളിതുവരെ മൂന്ന് ക്വാറികൾക്ക് അനുമതികൾ ലഭിച്ച് ഖനന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. മറ്റു ക്വാറികളുടെ അനുമതികൾ വിവിധ തലങ്ങളിൽ പരിശോധന യിലാണ്. |
| (സി) | ഈ പദ്ധതിക്കായി കപ്പൽ വഴി കരിങ്കൽ നിക്ഷേപിക്കുന്ന പണി ആരംഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് ഇതിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുവാൻ സാധിക്കും;വിശദമാക്കുമോ? | (സി) | പദ്ധതിക്കായി ബാർജ് മുഖേനെ കരിങ്കൽ നിക്ഷേപിക്കുന്നതിന് വേണ്ടിയുള്ള Load Out Facility-കൾ കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങൾ, മുതലപ്പൊഴി ഹാർബർ എന്നിവിടങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. നിലവിൽ ടി സ്ഥലങ്ങളിലെ Stock Yard കളിൽ പാറയുടെ സംഭരണം പുരോഗമിച്ചു വരികയാണ്. കാലാവസ്ഥ മെച്ചപ്പെടുന്ന മുറയ്ക്ക് ബാർജ് മുഖേനയുള്ള കരിങ്കൽ നിക്ഷേപിക്കുന്ന പണികൾ പുനരാരംഭിക്കുമെന്നാണ് കരാർ കമ്പനി അറിയിച്ചിട്ടുള്ളത്. വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3ന് പൂർത്തീകരിക്കേണ്ടതായിരുന്നു. പാറയുടെ ലഭ്യതക്കുറവും കോവിഡ് മഹാമാരിയും നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയും അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടറുമായി 03-11-2020 ൽ |

| | | | |
|---|---|---|---|
| | | | നടത്തിയ വീഡിയോ കോൺഫറൻസിൽ 2021 ഡിസംബറോട്ടു കൂടി വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഗണ്യമായ ഭാഗം പൂർത്തീകരിക്കാനാകുമെന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ